# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4478 | 18.05.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക് സേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.റ്റി.വി.രാജേഷ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി നടപ്പിലാക്കുമ്പോൾ ഉൽപ്പന്നങ്ങൾക്ക് വില കുറയുമോ; | (എ)<br>&<br>(ബി) | നിലവിലെ നിയമപ്രകാരം Input tax credit ലഭ്യമല്ലാത്ത നികുതികൾക്കും ചരക്ക് സേവന നികുതി (ജി.എസ്.ടി) വരുമ്പോൾ credit ലഭിക്കും. ഇത് പൂർണ്ണമായും ഉപഭോക്താവിലേക്ക് കൈമാറ്റം ചെയ്യപ്പെടുമ്പോൾ മിക്ക സാധനങ്ങൾക്കും വില കുറയുവാനാണ് സാധ്യത. അതിനായി ജി.എസ്.ടി നിയമത്തിൽ 171 വകുപ്പ് പ്രകാരം Anti-Profitering Authority രൂപീകരിക്കും ഈ മേൽനോട്ട സംവിധാനത്തിലൂടെ ഉപഭോക്താവിന് ഗുണകരമായ വിലക്കുറവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. മാത്രവുമല്ല ചരക്ക് സേവന നികുതി (ജി.എസ്.ടി) നിലവിൽ വരുമ്പോൾ സാധനങ്ങളുടെ ഉല്പാദനത്തിന്മേലും വിൽപ്പനമേലുമുള്ള നികുതികൾ ഏകീകരിക്കപ്പെടുന്നതിനാലും ഇന്ത്യ ഒറ്റക്കമ്പോളമായി മാറുകയും വ്യാപാരികൾ തമ്മിലുള്ള മൽസരം ഉണ്ടാകുകയും ചെയ്യുമെന്നതിനാലും വിലവർദ്ധനവിന് സാദ്ധ്യതയില്ലെന്നാണ് കരുതുന്നത്. ചരക്ക് സേവന നികുതിയിൽ നികുതിക്കുമേൽ നികുതി ചുമത്തുമ്പോൾ ഉള്ള cascading effect ഉം ഉണ്ടാകുന്നില്ല. |
| (ബി) | ചരക്ക് സേവന നികുതി നിലവിൽ വരുന്നതിനു മുമ്പ് സിമന്റ് ഉൾപ്പടെയുള്ള സാധനസാമഗ്രികൾക്ക വിലകൂട്ടിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള വിലവർദ്ധനവിനെതിരെ നടപടി സ്വീകരിക്കുമോയെന്നു വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ